PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 3 • ISSUE : 9 SEPTEMBER 2009

## എഡിറ്റോറിയൽ

### യഥാർത്ഥ ധനവാൻ

നാം യഥാർത്ഥത്തിൽ ധനവാനാണോ എന്നറിയണമെങ്കിൽ പണംകൊടുത്തു വാങ്ങാൻ കഴിയാത്തത് എന്തെല്ലാം നമുക്കുണ്ട് എന്നു പരിശോധിക്കണം.

ഒരിക്കൽ ഒരു പുരോഹിതൻ സാമ്പത്തികമായി തകർന്ന് ആത്മധൈര്യമെല്ലാം നഷ്ടപ്പെട്ട ഒരു ഇടവകാംഗത്തെ സന്ദർശിച്ചു. പുരോഹിതനെ കണ്ടയുടനെ അയാൾ 'എല്ലാം പോയി' എന്നു പറഞ്ഞ് ഉറക്കെ നിലവിളിച്ചു. അച്ചൻ ഉടനെ പറഞ്ഞു. നിങ്ങളുടെ പ്രിയപ്പെട്ട ഭാര്യ മരിച്ചുപോയതിൽ എനിക്ക് അതിയായ ദുഃഖമുണ്ട്. ആ മനുഷ്യൻ ഒന്നു ഞെട്ടി. എന്നിട്ടു ചോദിച്ചു. എന്റെ ഭാര്യയോ? അച്ചൻ അതു കേട്ടമട്ടു കാണിക്കാതെ തുടർന്നു. നിങ്ങളുടെ കേൾവികേട്ട സ്വഭാവഗുണങ്ങളെല്ലാം നഷ്ടപ്പെട്ടുപോയതിലും ഞാൻ ഖേദിക്കുന്നു. ഇങ്ങനെ അയാൾക്കു നഷ്ടപ്പെടാത്ത പല നല്ല കാര്യങ്ങളെക്കുറിച്ചും അച്ചൻ പറഞ്ഞപ്പോൾ അയാൾക്ക് അയാളെക്കുറിച്ചുതന്നെ ചിന്തിക്കുവാൻ അവസരം ലഭിച്ചു. വിലയുള്ള പലതും അയാൾക്കു നഷ്ടപ്പെട്ടിട്ടില്ല എന്ന് അയാൾക്ക് മനസ്സിലായി.

പണംകൊണ്ട് കിടക്കവാങ്ങാം, പക്ഷേ ഉറക്കം വാങ്ങാൻ പറ്റില്ല. പണംകൊടുത്താൽ മനസ്സമാധാനം വാങ്ങാൻ പറ്റില്ല. ഭക്ഷണം വാങ്ങാം, പക്ഷേ ആരോഗ്യം വാങ്ങാൻ പറ്റില്ല. പണം കൊടുത്ത് ഒരു വീടു വാങ്ങാം, പക്ഷേ ഒരു ഭവനമുണ്ടാക്കാൻ പറ്റില്ല. ഈ പറഞ്ഞതെല്ലാം ദൈവത്തിന്റെ അമൂല്യ ദാനങ്ങളാണ്. ദൈവത്തിൽ വിശ്വസിക്കുന്നവർക്കും ദൈവത്തെ സ്നേഹിക്കുന്നവർക്കും മാത്രമായി ദൈവം കരുതിവച്ചിരിക്കുന്നവയാണിവ.

ഞാൻ നിന്റെ കഷ്ടതയും ദാരിദ്ര്യവും അറിയുന്നു (വെളി. 2.9). പണമില്ലാത്തവൻ ലോകദൃഷ്ടിയിൽ ദരിദ്രനാണ്. എന്നാൽ പണമല്ലാതെ മറ്റൊന്നുമില്ലാത്തവൻ കൂടുതൽ ദരിദ്രനാണ്. സകല ദ്രവ്യാഗ്രഹങ്ങളും സൂക്ഷിച്ചുകൊൾവിൻ എന്ന് വി. ലൂക്കോസ് (12:5) പറയുന്നുണ്ട്.

പണം നഷ്ടമാവുമ്പോൾ നിരാശരാകാതെ ജീവിതം മുമ്പോട്ടു കൊണ്ടുപോകാൻ ശ്രമം തുടരണം. ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന വിൻസ്റ്റൻ ചർച്ചിൽ സ്കൂൾ പഠനകാലത്ത് പ്രത്യേക കഴിവുകളൊന്നുമില്ലാത്ത ഒരു കുട്ടിയായിരുന്നു. പിൽക്കാലത്ത് അദ്ദേഹം പഠിച്ചിരുന്ന ഹാരോ സ്കൂളിൽ അദ്ദേഹത്തെ പ്രസംഗത്തിനു ക്ഷണിച്ചു. വലിയ ഒരു പ്രസംഗം പ്രതീക്ഷിച്ചിരുന്ന കുട്ടികളോട് അദ്ദേഹം പറഞ്ഞത് ഒന്നുമാത്രം. നിങ്ങൾ നിരാശപ്പെട്ട് ശ്രമം വിടരുത്. ഒരിക്കലും ശ്രമംവിടരുത്. ഒരിക്കലും ഒരിക്കലും ഒരിക്കലും ശ്രമം അവസാനിപ്പിക്കരുത്.

ഏതു പ്രതിസന്ധിയിലും നമ്മുടെ ചിന്താഗതി ഇതു തന്നെയായിരിക്കണം. ദൈവസ്നേഹം നമ്മോടുകൂടെയുണ്ടെങ്കിൽ എന്തിനെയും തരണം ചെയ്യുവാനുള്ള കഴിവ് നമുക്ക് ദൈവത്തിൽനിന്ന് ലഭിക്കും.

മിണ്ടാതിരുന്ന് ഞാൻ ദൈവമെന്ന് അറിഞ്ഞുകൊൾവിൻ (സങ്കീ: 46:10), യഹോവ തന്റെ വിശുദ്ധ മന്ദിരത്തിൽ ഉണ്ട്. സർവ്വഭൂമിയും അവന്റെ സന്നിധിയിൽ മൗനമായിരിക്കട്ടെ (ഹബക്കുക്ക് 2:30). വലിയപ്രതിസന്ധിയിൽ നമുക്ക് കുറച്ചു സമയം ഈ ദൈവത്തെ മാത്രം ധ്യാനിച്ച് ദൈവം തന്നിട്ടുള്ള നഷ്ടപ്പെടാത്ത നൽവരങ്ങളെ ഓർത്ത് ദൈവത്തെ സ്തുതിക്കാൻ സാധിക്കുമോ? എങ്കിൽ നമുക്ക് പ്രതിസന്ധികളെ തരണം ചെയ്യാൻ സാധിക്കും. ■

# ദാരിദ്ര്യവും ഭീകരവാദവും

(ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത)



ദാരിദ്ര്യവും ഭീകരവാദവും തമ്മിൽ ബന്ധമുണ്ടെന്നോ? ആദ്യത്തേതിനെ സാധാരണ മനുഷ്യൻ ഒഴിഞ്ഞുമാറും; രണ്ടാമത്തേതിനെ ഭയപ്പെടുകയും ചെയ്യും. വാക്കുകളിലൂടെ ആശ്വാസം നൽകി ദാരിദ്ര്യത്തെയോ, ക്രമസമാധാനപ്രശ്നമെന്ന നിലയിൽ മാത്രം ഭീകരവാദത്തെയോ കൈകാര്യം ചെയ്യാനാവില്ല എന്ന യാഥാർത്ഥ്യത്തിലേക്ക് ഇന്നത്തെ തലമുറയും ഭരണകൂടങ്ങളും ഉണർന്നു തുടങ്ങിയിട്ടുണ്ട്. സ്വന്തം ഉദ്ദേശ്യസാദ്ധ്യത്തിനു ഭീകരരെ വളർത്തിക്കൊണ്ടുവരികയും, കുറെക്കഴിയുമ്പോൾ അതേ ഭീകരർതന്നെ വളർത്തിക്കൊണ്ടുവന്നവർക്കെതിരെ തിരിയുന്നതും ദുർലഭമല്ല.

നൂറ്റാണ്ടുകളായി ദാരിദ്ര്യത്തിലും അവഗണനയിലും ഉഴറുന്നവരെ അവരുടെ നിസ്സഹായാവസ്ഥയിൽ നിന്ന് ഉയർത്തിക്കൊണ്ടുവരിക എന്നത് മനസ്സാക്ഷിയുള്ള ഏവരുടെയും കടമ മാത്രം. അദ്ധ്വാനിക്കുന്നവരെയും, ഭാരമുള്ള ചുമടുകൾ വഹിക്കുന്നവരെയും ആശ്വസിപ്പിക്കുന്ന ദൗത്യം ദൈവികമാണ്. അനാഥനും എളിയവനും നീതി നടത്തിക്കൊടുക്കാനുള്ള ആഹ്വാനം വി. വേദപുസ്തകത്തിൽത്തന്നെയുണ്ട് (സങ്കീ. 82). അത് നടക്കാതെപോകുന്നത് അനീതിയാണ്. ശബ്ദമില്ലാത്തവന്റെ ശബ്ദമാകാനുള്ള കടമ ദൈവജനത്തിനുണ്ട്. ദരിദ്രനെ അവഗണിച്ചുകൊണ്ട് ഒരു വിശ്വാസസംഹിതയ്ക്കും നിലനിൽക്കാനാവില്ല. ദരിദ്രർ എന്നും സമൂഹത്തിലുണ്ടായിരിക്കും എന്നുള്ളതുകൊണ്ട് അവരെ അവഗണിക്കാമെന്നില്ല.

നമ്മുടെ നാട്ടിലെ ഹതഭാഗ്യരും, ദുർബലരുമായിരുന്നവരുടെ സമഗ്രമായ ഉദ്ധാരണത്തിനുവേണ്ടി പ. പരുമലപുണ്യവാളൻ ആഹ്വാനവും ശ്രമവും നടത്തിയിരുന്നു എന്നത് ഇന്നത്തെ തലമുറയ്ക്ക് കൗതുക വാർത്തയായിരിക്കും. ദീർഘനാൾ അവരെ അവഗണിച്ചാലോ, അത് പലവിധ സാമൂഹ്യ വിക്ഷോഭങ്ങൾക്കും വഴിവയ്ക്കുകയുമാകും ഇപ്പറഞ്ഞത് ഭരണകൂടങ്ങളുടെ മാത്രം ചുമതലയല്ല. സഭകളുടെയും ഈശ്വരവിശ്വാസികളുടെയും പൊതുവായ കടമയാണ്. വാസ്തവത്തിൽ എളിയവരെ അവഗണിക്കുന്നതാണ് ശരിയായ ഭീകരത. ആരുടെയൊക്കെയോ സ്വാർത്ഥതയിലാണ് ഭീകരവാദം പിറന്നു വേരുപിടിക്കുന്നതെന്നത് നിസ്തർക്കമാണ്. സാമൂഹ്യനീതി ഉറപ്പാക്കിക്കൊണ്ട് ദരിദ്രനാരായണരെ അവരുടെ സങ്കടങ്ങളിൽ നിന്നും പരിതാവസ്ഥയിൽ നിന്നും കരകയറ്റുന്നതാണ് യഥാർത്ഥ പുണ്യം. ഈ ചുമതല നിറവേറ്റുന്നതിൽ നിന്ന് ആർക്കും വിട്ടുനിൽക്കാനാവില്ല.

ഇന്ന് നടമാടുന്ന മിക്ക ഭീകരവാദ സാഹചര്യങ്ങളെയും വിശകലനം ചെയ്താൽ സാമൂഹ്യനീതി നിഷേധത്തിലാണ് ചെന്നുനിൽക്കുന്നത്. നീതി നിഷേധിക്കപ്പെടുകയും ദാരിദ്ര്യം അടിച്ചേൽപ്പിക്കപ്പെടുകയും ചെയ്യുന്നിടത്ത് അസ്വസ്ഥതകളുണ്ടാവുക സ്വാഭാവികമാണ്.

നമ്മുടെ കർത്താവിന്റെ 'എന്റെ ഈ ചെറിയ സഹോദരങ്ങൾ' എന്ന പദപ്രയോഗം ഏറെ ചിന്തനീയമാണ്. അവരെ സ്വന്തം സഹോദരങ്ങളായി കർത്താവ് കരുതുന്നതിൽ നിന്നും ഈ വിഷയത്തിന്റെ ഗൗരവം വെളിവാകുന്നുണ്ട്. അവരെ സംരക്ഷിക്കുന്നത്, അദ്ദേഹത്തെ സംരക്ഷിക്കുകയാണ്. അവരെ അവഗണിക്കുന്നത് തന്നെ അവഗണിക്കുന്നതുപോലെയുമായിരിക്കും. ന്യായവിധിനാളിൽ ശിക്ഷിക്കപ്പെടുന്നവർ ദരിദ്രരെയും, രോഗികളെയും, തടവുകാരെയും മറ്റും തിരിഞ്ഞുനോക്കാതിരുന്നവരാണ് എന്ന വെളിപ്പെടുത്തൽ നമ്മുടെ കണ്ണു തുറപ്പിക്കട്ടെ. ■

### ഇടവകാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

പാരിഷ് ന്യൂസിലേക്കുള്ള ലേഖനങ്ങൾ, കവിതകൾ, കാർട്ടൂണുകൾ, വിവാഹ ഫോട്ടോ മുതലായവ കത്തീഡ്രൽ ഓഫീസിൽ ഏൽപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇടവകാംഗങ്ങളുടെ മാമോദീസ, വിവാഹം, ചരമം എന്നിവയും അറിയിക്കേണ്ടതാണ്.

## വികാരിയുടെ കത്ത്



# ആത്മീയതയും മനുഷ്യനും

Fr. Prince Mathew, Asst. Vicar

“ദൈവം ആത്മാവാകുന്നു” – (യോഹ 4:24) ദൈവത്തിന്റെ ഉണ്മയെ (being) മനസ്സിലാക്കുന്നത് തികച്ചും ആത്മികസ്വഭാവത്തിൽ നിറഞ്ഞും, അടിസ്ഥാനപ്പെട്ടുമിരിക്കുന്ന ഒന്നായിട്ടാണ്. ദൈവത്തിന്റെ ഈ ആത്മാംശമാണ് മനുഷ്യനിലുള്ളത്. Man too has a spiritual nature- ആത്മമയനായ മനുഷ്യൻ! ആരണ്യകോപനിഷത്തിൽ വായിക്കുന്നു. മനുഷ്യനിൽ ആത്മാവ് വ്യാപരിക്കപ്പെട്ടിരിക്കുന്നു. നല്കപ്പെട്ടിരിക്കുന്ന ഈ ആത്മാവാണ് നമ്മിൽ ദൈവബോധം ഉളവാക്കുന്നത്. മനുഷ്യനിൽ ജീവത്തായിരിക്കുന്ന തത്വം ആത്മാവാണ് – ദൈവികമായ ആത്മാവ്. ആത്മാവിനെ സംബന്ധിക്കുന്നതാണല്ലോ ആത്മീയം. തന്റെ ആത്മാവിനെയോ, ദൈവത്തെയോ സാക്ഷാത്ക്കരിക്കുന്ന ഒരാളിന്റെ അവസ്ഥയായി ആത്മീയത മാറുന്നു. ഈ സാക്ഷാത്ക്കരണ പ്രക്രിയ, പരിപക്വമായ ദൈവാന്വേഷണങ്ങളിലൂടെയും, തത്ഫലമായ ദൈവാനുഭവങ്ങളിലൂടെയുമാണ് നടക്കുന്നത്. ആത്മമയനായ മനുഷ്യൻ ആത്മികനായിരിക്കണം. മറ്റ് സൃഷ്ടിജാലങ്ങളിൽ നിന്നുള്ള ഈ വ്യത്യസ്തത ഉള്ളതിനാൽ തന്നെ മനുഷ്യൻ ദൈവത്തെ ആരാധിക്കേണ്ടതാണ്. ആരാധനയുടെ പ്രേരകശക്തിയും, ഫലവും ആത്മീയാനുഭൂതിയായിരിക്കുകയും വേണം.

എന്താണ് ആത്മീയത? ആത്മധർമ്മത്തോടുകൂടിയിരിക്കുന്ന അവസ്ഥയെ പൊതുവെ ആത്മീയതയെന്ന് വിളിക്കാം. ദൈവാസ്തിത്വത്തെ അതിന്റെ തനിമയിൽ കണ്ടെത്തുന്നതാണ് ആത്മീയത. ഒരു അന്വേഷണത്തിന്റെ ലക്ഷണം ഇവിടെ കാണാം. ബാഹ്യമായ സവിശേഷതകളെയെല്ലാം ഉല്ലംഘിച്ചുകൊണ്ട് (ഉപേക്ഷിച്ചിട്ടല്ല) ദൈവത്തിന്റെ സത്തയെ, സത്‌വിജ്ഞാനത്തിന്റെ പാതയിലൂടെ ആത്മാവിൽ അറിയുന്ന അനുഭവം. അത്യഗാധമായ ദൈവ മനുഷ്യബന്ധം. മനുഷ്യൻ, തന്റെ അസ്തിത്വത്തിന്റെ അടിസ്ഥാനവും, സ്രോതസ്സുമായ ദൈവമെന്ന യാഥാർത്ഥ്യത്തെ കണ്ടെത്തുന്നതും, ഐക്യപ്പെടുന്നതുമാണ് ആത്മീയത. മനുഷ്യനിലുള്ള ദൈവീകസത്തയുടെ അംശങ്ങളെ ജീവിതത്തിൽ അനുഭവവേദ്യമാക്കി, ഇല്ലായ്മയിൽ നിന്ന് ഉള്ള അസ്ഥയിലേക്കും അപൂർണ്ണതയിൽ നിന്ന് പൂർണ്ണതയിലേക്കും ദൈവസാദൃശ്യത്തിൽ വളരുമ്പോഴാണ് ആദ്ധ്യാത്മികതയുടെ അടിസ്ഥാനതലം വെളിവാകുന്നത്. ദൈവത്തിന്റെ ഉണ്മയെ സംബന്ധിക്കുന്ന ജ്ഞാനം, ദൈവത്തെക്കുറിച്ചുള്ള പരോക്ഷമായ അറിവാണ്.

ദൈവാനുഭവത്തിനുവേണ്ടിയുള്ള പ്രയാണത്തിൽ ശ്രദ്ധേയമാണ് ഹൈന്ദവമതം. ഹൈന്ദവദർശനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ശ്രീ ശങ്കരാചാര്യരുടെ വേദാന്തം മനുഷ്യന്റെ ദിവ്യത്വവും മഹത്വവും എടുത്തുകാണിക്കുന്നുണ്ട്. ഇത് സാക്ഷാത്ക്കരിക്കേണ്ടതും, അനുഭവിച്ചറിയേണ്ടതുമാണെന്ന് വേദാന്തം അനുശാസിക്കുന്നു. എല്ലാ മനുഷ്യരിലും ദിവ്യതയുടെ ഒരംശം കുടികൊള്ളുന്നു. ഈശ്വരനെ മുൻനിർത്തിയാണ് ഈ ദിവ്യതയുടെ സാക്ഷാത്ക്കരണം. ഇതിനെ ആത്മീയത എന്നു വിളിക്കാം. കേവലബുദ്ധിയിൽ മാത്രം ദൈവാനുഭവത്തെ പരിമിതപ്പെടുത്താതെ, ജീവിതം മുഴുവൻ ദൈവാനുഭവത്തിന്റെ ആഴങ്ങൾ കണ്ടെത്തുന്നതാണ് ആത്മീയത. ഇത് ഏറ്റവും സുന്ദരമായി പ്രതിപാദിച്ചത് ഗാന്ധിജിയാണ്: ‘കേവലം ബുദ്ധിയെ മാത്രം തൃപ്തിപ്പെടുത്തുന്ന ഈശ്വരൻ ഈശ്വരനല്ല. ഈശ്വരൻ ഈശ്വരനാകുന്നത്, ഹൃദയത്തെ ഭരിക്കുകയും പരിവർത്തനവിധേയമാക്കുകയും ചെയ്യുമ്പോഴാണ്.” മനുഷ്യന്റെ യഥാർത്ഥ സത്തയെ, ഉള്ളറയെ ദൈവം ഭരിക്കണം. ഇത്തരം ദൈവികഭരണമാണ് ആത്മീയതയുടെ തുടിപ്പ്.

ആത്മീയതയ്ക്ക്, ആത്യന്തികമായ വിശകലനം നല്കുമ്പോൾ അത് ദൈവാനുഭവങ്ങളുടെ തെളിവും, പ്രകാശനവുമാണെന്ന് വ്യക്തമാകും. സമൂഹത്തിൽ കാലങ്ങളായി സ്വീകൃതമായ ചില ഭക്താഭ്യാസങ്ങളുടെ ആവർത്തനം മാത്രമല്ല ആത്മീയത. പ്രസ്തുത ക്രമം പാലിക്കുന്നവർ തങ്ങളുടെ മാത്രം വ്യവസ്ഥകളനുസരിച്ച് ദൈവത്തെ ശുശ്രൂഷിക്കുന്നവരാണ് – പരീശന്റെ ആത്മീക സങ്കൽപത്തെ പിന്താങ്ങുന്നവരും. ഇങ്ങനെയായാൽ ഇവിടെ ആത്മിക മനുഷ്യരുണ്ടാവുകയുമില്ല. ■

## ഭദ്രാസന വിശേഷങ്ങൾ

# അഭി. ഡോ. യാക്കോബ് മാർ ഐറേനിയസ് മെത്രാപ്പോലീത്തയുടെ ഷഷ്ഠ്യബ്ദപൂർത്തി ആഘോഷം

ഇടവക മെത്രാപ്പോലീത്താ അഭി. ഡോ. യാക്കോബ് മാർ ഐറേനിയസ് തിരുമേനിയുടെ ഷഷ്ഠ്യബ്ദപൂർത്തിയോടനുബന്ധിച്ച്, ഭദ്രാസനത്തിന്റെ തെക്കൻ മേഖലയിലെ പള്ളികളുടെ ആഭിമുഖ്യത്തിൽ അനുമോദന സമ്മേളനം ഓഗസ്റ്റ് 16ന് എറണാകുളത്ത് അനുഗ്രഹകരമായി നടന്നു. ശ്രേഷ്ഠ നിയുക്ത കാതോലിക്കാ അഭി. പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷനായിരുന്ന സമ്മേളനം സഭാ മേലദ്ധ്യക്ഷന്മാരുടെയും, സാംസ്കാരിക – രാഷ്ട്രീയനേതാക്കളുടെയും സാന്നിദ്ധ്യത്തിൽ ഇടവക മെത്രാപ്പോലീത്തായോടുള്ള ആദരവും, അനുമോദനങ്ങളുമായി എത്തിച്ചേർന്ന വൈദികരുടെയും, വിശ്വാസികളുടെയും സാന്നിദ്ധ്യത്തിൽ അഭി. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. അഭി. യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്താ പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയുടെ അനുമോദനവചസ്സുകൾ വായിക്കുകയും, ഇടവകകളുടെ പ്രാർത്ഥനകളും, ആശംസകളും രേഖപ്പെടുത്തിയ മെമന്റോ മാർ ഐറേനിയോസിന് സമർപ്പിക്കുകയും ചെയ്തു.

അഭി. ഐറേനിയോസ് തിരുമനസ്സുകൊണ്ട് രചിച്ച “Speaking about the unspeakable” എന്ന ഗ്രന്ഥം ശ്രീ. പോൾ മണലിൽ സദസ്സിനു പരിചയപ്പെടുത്തുകയും, കാലടി സംസ്കൃത സർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ. കെ. എസ്സ്. രാധാകൃഷ്ണൻ ഗ്രന്ഥം പ്രകാശനം ചെയ്യുകയും ചെയ്തു. ശ്രീ. എം.ജി. ജോർജ്ജ് മുത്തൂറ്റ് (സഭാ അൽമായ ട്രസ്റ്റി), കൊച്ചി ഭദ്രാസന വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തതിനെത്തുടർന്ന്, ശ്രീ. കെ. ബാബു എം.എൽ.എ., ഡോ. ജോർജ്ജ് ജോസഫ് (അസ്സോസ്സിയേഷൻ സെക്രട്ടറി) എന്നിവർ ആശംസകൾ അർപ്പിച്ചു. ഉചിതമായ മറുപടി പ്രസംഗത്തിലൂടെ ഐറേനിയോസ് തിരുമേനി പ്രസ്തുത സമ്മേളനത്തിന്റെ സാംഗത്യം അർത്ഥപൂർണ്ണമാക്കി.

കത്തീഡ്രൽ വികാരിയും, ആഘോഷപരിപാടികളുടെ ജന. കൺവീനറുമായ ബഹു. ഒ.വി. ഏലിയാസച്ചൻ സ്വാഗതമാശംസിക്കുകയും ബഹു. പി. ഫിലിപ്പോസച്ചൻ നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു. സൺഡേസ്കൂൾ കുട്ടികളുടെ നേതൃത്വത്തിൽ ജന്മദിന അഭിവാദനങ്ങൾ അർപ്പിച്ചത് നയനാനന്ദകരമായ കാഴ്ചയായിരുന്നു. വാദ്യമേളങ്ങളുടെയും, മുത്തുക്കുടകളുടെയും അകമ്പടിയോടെ നടന്ന വരവേല്പും അത്യന്തം ഹൃദ്യമായിരുന്നു.

പ്രത്യേകം പരിശീലിപ്പിച്ച് രൂപീകരിച്ച ഗായകസംഘത്തിന്റെ ഗാനാലാപനവും സമ്മേളനത്തിന് കൊഴുപ്പേകി. ഷഷ്ഠ്യബ്ദപൂർത്തി ആഘോഷങ്ങളിൽ മറ്റ് ഇടവകകളോട് ചേർന്ന് ക്രിയാത്മകപങ്ക് വഹിക്കാൻ കത്തീഡ്രൽ ഇടവകയ്ക്ക് സാധിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്താം. ■



# THE GOD!

**Petson Peter C.**

Arthur always looked worried as he could not find a suitable match for his daughter. One day he met a nice guy at his Parish Church and took keen interest in knowing his whereabouts. In the course of enquiry he stumbled over vital information that the boy has a “strong faith in God”. Later, he got an opportunity to invite the young man with his parents to his house. After tea Arhur’s wife murmured in his ears to talk in detail regarding his whereabouts and future plans. Arthur invited the boy to his study and untied a bundle of questions.

So, what are your plans and the prospects in life? Arthur asked the young man. I am a Post graduate in Literature and also a biblical scholar, he replied. A biblical scholar! Admirable! Arthur commented, but, how will you provide a good living for my daughter?-a good house to live, a car to drive, jewelry and dress to wear! God will provide all these things for us, he replied with a smile. Not satisfied with the boy’s reply, Arthur continued to pester him with more questions.

Don’t worry, God will provide replied the young man again. The conversation proceeded in this manner and each time when Arthur questioned the young idealist’s, his answer remained unchanged. At this point Arthur lost his cool and asked scornfully. Is your God so generous to provide all this luxury as you desire?

“Yes, this God has to, as I consider you as my God, after the marriage”, replied the smart young man

What happened next? It is left for the imagination of the readers. ■

# പ്രാർത്ഥന ബലവത്തായ കോട്ട

**ജോർജ്ജ് നിക്സൻ, താച്ചയിൽ**

നമുക്ക് നേരിടേണ്ട പ്രതിസന്ധികളിൽ നിന്നോ പ്രശ്നങ്ങളിൽ നിന്നോ ഓടിപ്പോകുവാനുള്ള കുറുക്കുവഴിയല്ല പ്രാർത്ഥന. നേരെ മറിച്ച് പ്രതിസന്ധികളെ അഭിമുഖീകരിക്കുന്നതിനുള്ള വഴി പ്രാർത്ഥന നമുക്കു കാണിച്ചു തരുന്നു. അതുപോലെ നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്ന പ്രതിസന്ധികളിൽ ദൈവം നമ്മുടെ കൂടെയുണ്ട് എന്ന ബോധം ഉളവാക്കുക മാത്രമേ പ്രാർത്ഥനകൊണ്ടു സാധിക്കേണ്ടതുള്ളൂ. അതാണ് പ്രാർത്ഥനയ്ക്കുള്ള മറുപടി. അച്ചനമ്മമാർ കൈവിട്ടാലും, സ്വജനങ്ങൾ ഉപേക്ഷിച്ചാലും ദൈവം തന്നെ ചേർത്തുകൊള്ളുമെന്ന് വിശ്വാസിക്ക് (ദൈവത്തെ അറിയുന്നവന്) ഉറപ്പുണ്ട്. മുന്നോട്ടു പോകാനുള്ള വഴി കാണിച്ചുതന്നാലും എന്ന് ആ വിശ്വാസി ദൈവത്തോട് പ്രാർത്ഥിക്കുന്നു. ദൈവത്തോട് നിരനന്തരമായ ബന്ധം പുലർത്തുന്ന വിശ്വാസികളുടെ പ്രാർത്ഥന അവർക്കു ചുറ്റും ഒരു കോട്ടയായിരിക്കും. പൈശാചിക ശക്തികൾക്കു പ്രവേശിക്കുവാൻ കഴിയാത്ത ബലവത്തായ കോട്ടയായിരിക്കും അത്. എന്നാൽ നമ്മിൽ പലരുടെയും പ്രാർത്ഥന കുറഞ്ഞുപോകാറുണ്ട്. പള്ളിയിൽ പോകുമ്പോൾ നാം ഉള്ളു തുറന്നു പ്രാർത്ഥിച്ചു എന്നുവരാം. കുടുംബാംഗങ്ങൾ ഒരുമിച്ച് പ്രാർത്ഥിക്കുന്നതിൽ കൃത്യനിഷ്ഠ പാലിക്കുന്നവരും, ധാരാളമുണ്ട്. എന്നാൽ ദൈവത്തോട് നിരന്തരമായ ബന്ധം പുലർത്തുന്നവർ വളരെ കുറവാണ്. കാരണം തിരക്കേറിയ ആധുനിക ജീവിതത്തിന്റെ പ്രവാഹത്തിൽ ഒഴുകി നീങ്ങിക്കൊണ്ടിരിക്കുന്ന നമ്മിൽ പലരും വേണ്ടെന്നുവയ്ക്കുന്നത് പ്രാർത്ഥന മാത്രമായിരിക്കും. പകൽ മുഴുവൻ ജോലിഭാരത്താൽ തളർന്നു വീടുകളിൽ എത്തുന്നവർ അവരുടെ ഉറക്കക്ഷീണം കാരണം പ്രാർത്ഥിക്കാറില്ല. അതുപോലെ പരിഷ്കൃതരുടെ ക്ലബ്ബ് പരിപാടികൾ മുതലായവ പ്രാർത്ഥന വേണ്ടെന്നു വയ്ക്കാനുള്ള കാരണമായിത്തീരാം. താമസിച്ച് ഉറങ്ങുവാൻ പോകുന്നവർക്ക് നേരം പുലരുന്നതുവരെ ഉറങ്ങേണ്ടിവരും. അപ്പോൾ അവർ മാറ്റിവയ്ക്കുന്ന കാര്യം പ്രാർത്ഥനയാണ്. ഇടമുറിഞ്ഞുപോകുന്ന പ്രാർത്ഥന സാത്താന് പ്രവേശന കവാടം തുറന്നുകൊടുക്കുന്നു. ഇടമുറിയാത്ത പ്രാർത്ഥന നമ്മെ സംരക്ഷിക്കാനുള്ള കോട്ടയാണ്.

---

# പ്രതികരണങ്ങൾ ശാന്തമായിരിക്കട്ടെ!

ഒരു വിവാഹം നടക്കുന്നതിന് തൊട്ടുമുമ്പ് വികാരിയച്ചനും കമ്മറ്റിയംഗങ്ങളും പള്ളിമുറിയിൽ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ അപരിചിതനായ ഒരാൾ വന്ന് അന്നു നടത്താനിരുന്ന വിവാഹത്തിലെ വരന്റെ അമ്മാവനാണെന്നു പരിചയപ്പെടുത്തി. വികാരിയച്ചൻ അയാളെ സ്വീകരിച്ചിരുത്തി. സന്തോഷമായി കുശലപ്രശ്നം തുടങ്ങിയ അയാൾ പെട്ടെന്ന് വികാരിയുടെ നേരെ തിരിഞ്ഞ് വളരെ മോശമായി, പള്ളിയുടെ പരിസരത്തുപോലും സംസാരിക്കുവാൻ പാടില്ലാത്ത വാക്കുകൾ ഉപയോഗിച്ച് ശകാരിക്കുവാനും ഭീഷണിപ്പെടുത്തുവാനും ആരംഭിച്ചു. അയാൾ പറഞ്ഞു: ‘ഞങ്ങളുടെ കല്ല്യാണം ഞങ്ങൾ ഉദ്ദേശിച്ച തീയതിയിൽ നടത്താൻ അനുവദിക്കാതെ ഇന്നത്തേക്കു മാറ്റിയത് ഞാൻ സഭാ മാനേജിങ് കമ്മിറ്റിയെ അറിയിക്കും, നിങ്ങളെ ഞാൻ ഒരു പാഠം പഠിപ്പിക്കും’. പിന്നീടയാൾ പറഞ്ഞ വാക്കുകൾ ഇവിടെ എഴുതാൻ യോജിച്ചവയല്ല. അയാളുടെ ശകാരവാക്കുകൾ കേട്ട് രസിക്കാതെ കമ്മിറ്റിയംഗങ്ങൾ മറുപടി പറയുവാൻ തുടങ്ങിയപ്പോൾ വികാരി അതു തടഞ്ഞിട്ട് ഇങ്ങനെ പറഞ്ഞു: ‘സഹോദരാ ഞാൻ നിങ്ങളോട് സാഹചര്യം വിവരിച്ചപ്പോൾ നിങ്ങൾതന്നെയാണല്ലോ ഇന്നത്തേക്ക് കല്ല്യാണം മാറ്റി നിശ്ചയിച്ചത്. ഇതുപോലുള്ള ഒരു നല്ല സുദിനത്തിൽ വിദ്വേഷവും ശകാരവും മാറ്റിവച്ച് അതിൽ സന്തോഷത്തോടെ സംബന്ധിക്കുവാൻ ശ്രമിക്കുകയല്ലേ ഉത്തമം. നമുക്ക് സംസാരം ഇവിടെ നിർത്താം’. ഇതു കേട്ട് അയാൾ പുറത്തിറങ്ങി, കുറച്ചുസമയം കൂടി വരാന്തയിൽ നിന്ന് ശബ്ദമുണ്ടാക്കിയിട്ട് കല്ല്യാണത്തിൽ സംബന്ധിക്കാൻ പള്ളിയിലേക്കു പോയി.

വിവാഹ കൂദാശ നടത്തി, സദ്യയിലും സംബന്ധിച്ച് വികാരി തിരിച്ചെത്തിയപ്പോൾ കമ്മറ്റിയംഗങ്ങളിലൊരാൾ വികാരിയോട് പിന്നീടെന്തുസംഭവിച്ചെന്നു ചോദിച്ചു. വികാരിയുടെ മറുപടി അവിശ്വസനീയമായിരുന്നു. വഴക്കുണ്ടാക്കിയ ആ അമ്മാവൻ ഒരു കുഞ്ഞാടെന്നപോലെ പള്ളിക്കകത്ത് വിവാഹശുശ്രൂഷ തീരുന്നതുവരെ ഉണ്ടായിരുന്നെന്നും, അവരെല്ലാം വികാരിയോട് വളരെ നല്ലരീതിയിൽ പെരുമാറിയെന്നുമായിരുന്നു പറഞ്ഞത്. അതിന്റെ കൂടെ ഇത്രയും കൂടി പറഞ്ഞു. നാം അവന്റെ നാണയത്തിൽ തന്നെ മറുപടി കൊടുത്തിരുന്നുവെങ്കിൽ അവൻ കുറച്ചുകൂടി മോശമായി പെരമാറുമായിരുന്നു. ഞാൻ അവനോടു കയർക്കാതെ വളരെ സൗമ്യമായി ഇടപെട്ടതുകൊണ്ടായിരിക്കാം അയാൾ പിന്നീട് നല്ലതുപോലെ പെരുമാറിയത്.

‘മൃദുവായ ഉത്തരം ക്രോധത്തെ ശമിപ്പിക്കുന്നു. കഠിനവാക്കോ കോപത്തെ ജ്വലിപ്പിക്കുന്നു’ (സദൃ 15:1). ഒരു ക്രിസ്ത്യാനി ഉപയോഗിക്കുന്ന ഭാഷ അവന്റെ ഉള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ സ്നേഹവും, ആർദ്രതയും വെളിപ്പെടുത്തുന്നതായിരിക്കണം. കഠിനവാക്കുകൾ കൂർത്ത അമ്പുകൾ തൊടുത്തുവിടുന്നതുപോലെയാണ്. അവ തിരിച്ചെടുക്കുവാൻ പറ്റുകയില്ല. സദൃശവാക്യം 10:20 ൽ പറയുന്നതുപോലെ നീതിമാന്റെ വാക്ക് മേത്തരമായ വെള്ളിയായിരിക്കണം. യഹോവ എന്റെ വായ്ക്ക് ഒരു കാവൽ നിർത്തി എന്റെ അധരദ്വാരം കാക്കേണമേ (സങ്കീ: 141:3) എന്ന ദാവീദിന്റെ പ്രാർത്ഥന നാം എല്ലാ ദിവസവും ഓർക്കുന്നതു നന്നായിരിക്കും. ശാന്തമായ വാക്കുകൾക്കു മാത്രമേ ഗാംഭീര്യവും ഘനവുമുണ്ടാവുകയുള്ളൂ. ■

**(ഒരു കമ്മറ്റിയംഗം)**

## വിശേഷദിവസങ്ങൾ

സെപ്റ്റംബർ

8 ചൊവ്വ : എട്ടുനോമ്പ് വീടൽ. വി. ദൈവമാതാവിന്റെ ജനനപെരുനാൾ

14 തിങ്കൾ : സ്ലീബാ പെരുനാൾ

# കുടുംബ വിശേഷങ്ങൾ

## മാമോദീസ

1. വടുതല ചെറുവത്തൂർ ശ്രീ. സിജിൻ ജോർജ്ജിന്റെയും ശ്രീമതി ലിമ സിജിന്റെയും മകൻ ഗീവറുഗീസ് 15-8-2009 ൽ മാമോദീസാ സ്വീകരിച്ചു.
2. വൈറ്റില കല്ലറക്കൽ തോമ്മാട്ടേൽ ശ്രീ. ഏബ്രഹാം ജോർജ്ജിന്റെയും ശ്രീമതി അർപ്പിത ഏബ്രഹാമിന്റെയും മകൾ മറിയം 22-8-2009 ൽ മാമോദീസ സ്വീകരിച്ചു.
3. എറണാകുളം കോൺവെന്റ് റോഡ് പാവൂടത്ത് കാറ്റാടിയിൽ ശ്രീ. ബെന്നറ്റ് ജോണിന്റെയും ശ്രീമതി മേഘ ബെന്നറ്റിന്റെയും മകൾ സൂസൻ 22-8-2009 ൽ മാമോദീസാ സ്വീകരിച്ചു.
4. എറണാകുളം അമൂല്യ സ്ട്രീറ്റിൽ പുലിക്കോട്ടിൽ റെവിൻ ചെറിയാന്റെയും, സിലുവിന്റെയും മകൻ സക്കറിയ 29-8-2009 ൽ മാമോദീസാ സ്വീകരിച്ചു.

*ഈ പൈതങ്ങൾക്ക് ദൈവകൃപ ആശംസിക്കുന്നു!*

## വിവാഹം



1. എറണാകുളം കലൂർ ഇളംകുളം റോഡ് കോളാടി വീട്ടിൽ ശ്രീ. തോമസ് വറുഗീസിന്റെയും ശ്രീമതി ലിസ്സി തോമസ്സിന്റെയും മകൻ **വിനിൽ തോമസ്സും**, പുതുവൈപ്പിൽ പള്ളിപ്പറമ്പിൽ ശ്രീ. തോമസ്സിന്റെയും ശ്രീമതി മേരിയുടെയും മകൾ **ഹണി തോമസ്സും** തമ്മിലുള്ള വിവാഹം 17-8-2009 ൽ കത്തീഡ്രലിൽ നടന്നു.

2. കടവന്ത്ര ജവഹർ നഗർ കാനയ്ക്കൽ ഡോ. അലക്സ് ജോർജ്ജിന്റെയും ഡോ. കുലീന ജോർജ്ജിന്റെയും മകൾ **ദീനയും**, പെരുമ്പാവൂർ തുരുത്തുമാലിൽ ഡോ. ജോർജ്ജ് പോളിന്റെയും ഡോ. അജന്ത ജോർജ്ജിന്റെയും മകൻ **അരുൺ ജോർജ്ജും** തമ്മിലുള്ള വിവാഹം 16-8-09 ൽ കരിങ്ങാച്ചിറ സെന്റ് ജോർജ്ജ് പള്ളിയിൽ നടന്നു.

3. എറണാകുളം കലൂർ ആസാദ് റോഡ് പുലിക്കോട്ടിൽ ശ്രീ. വറുഗീസ് ഇട്ടൂപ്പിന്റെയും ശ്രീമതി റമീന വറുഗീസിന്റെയും മകൻ **ആദർശ് ജോസഫ് വറുഗീസും** കോഴിക്കോട് അടങ്ങപ്പുറത്ത് ഡോ. ഏബ്രഹാം മാമ്മന്റെയും ഡോ. മേരി ഏബ്രഹാമിന്റെയും മകൾ **രേഷ്മ സാറാ ഏബ്രഹാമും** തമ്മിലുള്ള വിവാഹം 30-8-2009 ൽ കത്തീഡ്രലിൽ നിയുക്ത കാതോലിക്ക ബാവ അഭി. പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ നടന്നു.



18-05-2009 ൽ പണ്ടപ്പള്ളി സെന്റ് മേരീസ് പള്ളിയിൽ വിവാഹിതരായ **ജിഷ സൂസൻ ജോണും, രജീഷ് പോളും.** (ജൂൺ ലക്കം പാരിഷ് ന്യൂസിൽ വിവാഹ വാർത്ത പ്രസിദ്ധീകരിച്ചിരുന്നു)

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

## നിര്യാതയായി



എറണാകുളം കച്ചേരിപ്പടി സെ. ബെനഡിക്ട് റോഡ്, പനക്കൽ ശ്രീ. പി.സി. ഇട്ടിമാത്യുവിന്റെ ഭാര്യ ശ്രീമതി അമ്മിണി മാത്യു (73) 10-8-2009 ൽ നിര്യാതയായി. 11.8.2009 ൽ ചിറ്റൂർ റോഡ് സെമിത്തേരിയിൽ അടക്കം ചെയ്തു.

*പ്രത്യേക ആദരാഞ്ജലികൾ*

Sponsored by

MUTHOOT PAPPACHAN GROUP

Since 1939

# പരിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പു പെരുന്നാൾ

ദൈവകൃപയാൽ പ. ദൈവമാതാവിന്റെ വാങ്ങിപ്പു പെരുന്നാൾ അഥവാ ശൂനോയോ പെരുന്നാൾ ആഗസ്റ്റ് 14, 15 തീയതികളിൽ ഭക്ത്യാദരപൂർവ്വം ആഘോഷിക്കാനിടയായതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു.

പെരുന്നാൾ ശുശ്രൂഷകൾക്ക് പരുമല സെമിനാരി മാനേജർ വെരി. റവ. യൂഹാനോൻ റമ്പാച്ചൻ പ്രധാന കാർമ്മികത്വം വഹിച്ചു.

14-ാം തീയതി വൈകിട്ട് പതിവുപോലെ സന്ധ്യാ നമസ്കാരം, ധ്യാനപ്രസംഗം, പ്രദക്ഷിണം, ആശീർവ്വാദം ഇവ ഉണ്ടായിരുന്നു.

15-ാം തീയതി രാവിലെ വന്ദ്യ റമ്പാച്ചന്റെ കാർമ്മികത്വത്തിൽ വി. കുർബ്ബാന, തുടർന്ന് പ്രദക്ഷിണം, ആശീർവ്വാദം, നേർച്ച വിളമ്പ് എന്നിവ വളരെ ഭംഗിയായി നടത്തപ്പെട്ടു.





## ഓണാഘോഷം

MGOCSM കത്തീഡ്രൽ യൂണിറ്റിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 29 ശനിയാഴ്ച ഈ വർഷത്തെ ഓണാഘോഷം ഭംഗിയായി നടത്തി. പ്രസ്ഥാനത്തിലെ മുഴുവൻ അംഗങ്ങളും, വൈദികരും, മാനേജിങ് കമ്മിറ്റി അംഗങ്ങളും പങ്കെടുത്ത ആഘോഷപരിപാടിയിൽ ഓണസദ്യയും, ഓണപ്പൂക്കളവും, വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു.

## ഔഷധ വിതരണം

ജനറൽ ആശുപത്രി കാൻസർ വാർഡിലേക്കു നൽകുന്ന മരുന്നുകളുടെ ആഗസ്റ്റ് മാസത്തെ വിതരണം, വികാരി ഫാ. ഒ.വി. ഏലിയാസ്. അസി. വികാരി ഫാ. പി.ഐ. വർഗ്ഗീസ്, ഫാ. പ്രിൻസ് മാത്യു എന്നിവർ ചേർന്ന് നിർവ്വഹിച്ചു. കാൻസർ വാർഡിലെ ഡോ. റോസി മരുന്ന് ഏറ്റുവാങ്ങി. MGOCSM കത്തീഡ്രൽ യൂണിറ്റിലെ അംഗങ്ങളുടെ സാന്നിദ്ധ്യവും നേതൃത്വവും മരുന്നുവിതരണത്തിന്റെ ക്രമീകരണത്തിൽ പുതുമ പകർന്നു. മാനേജിങ് കമ്മിറ്റി അംഗങ്ങളും സന്നിഹിതരായിരുന്നു.

Editorial Board: P.T. John(98951 43625), K.K. George (94470 40484),
Mammen Abraham (94473 68886) & Suma Mathew (98460 25711) Design: Cornet, Cochin

**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490, 2365827**
***Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com***

***For Private Circulation only***